സുരക്ഷയില്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

31 [3545] *ശ്രീ. കെ. രാധാകൃഷ്ണൻ:*
,, *വി. കെ. സി. മമ്മത്കോയ:*
,, *വി. കെ. ചന്ദ്രൻ:*
,, *പി സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ ഏറെയും വേണ്ടത്ര സുരക്ഷയില്ലാത്ത കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള അംഗൻവാടികളിൽ എത്ര എണ്ണത്തിന് സ്വന്തമായി കെട്ടിടവും സൗകര്യങ്ങളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അംഗൻവാടികൾക്ക് സുരക്ഷിതമായ കെട്ടിടങ്ങൾ നിർമ്മിക്കാൻ സർക്കാർ ഭൂമി അതത് പ്രദേശങ്ങളിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്ഥലം ലഭ്യമായ ഇടങ്ങളിൽ സാമൂഹ്യക്ഷേമ വകുപ്പ് കെട്ടിടം നിർമ്മിച്ചുകൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്കൂളുകളും അംഗൻവാടികളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരുടെ ടീം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കേണ്ടവ മാറ്റി സ്ഥാപിക്കാനും, അറ്റകുറ്റപ്പണി ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അനുയോജ്യമായ പുറമ്പോക്ക് സ്ഥലം ലഭ്യമായിടത്ത് അംഗൻവാടി കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്നുണ്ട്.

(ഡി) സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട് ഉപയോഗിച്ച് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നുണ്ട്. കൂടാതെ എം. പി., എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടും, ഭരണ നവീകരണ പദ്ധതിയനുസരിച്ചും കെട്ടിടം നിർമ്മിച്ചുവരുന്നു. മാത്രമല്ല, സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടും ഇതിലേക്ക് വിനിയോഗിക്കുന്നു. സംസ്ഥാന പ്ലാൻ ഫണ്ട് വിഹിതം ഉപയോഗിച്ച് കഴിഞ്ഞ വർഷം 1472 അംഗൻവാടി കെട്ടിടം പണിയാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. ആദ്യഗഡുവായി 5000 രൂപ വീതം 2004-2005 വർഷത്തിൽ ഇതിലേക്ക് അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly